**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4952 — 23.03.2018 ലെ മറുപടിയ്ക്ക്

## ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ

| ചോദ്യം<br>**ശ്രീ.പി. ഉണ്ണി** | | ഉത്തരം<br>**ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഒറ്റപ്പാലം മണ്ഡലത്തിൽ 4 പട്ടികജാതി സഹകരണ സംഘങ്ങളാണുള്ളത്. അതിൽ തിരുവാഴിയോട് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.836 മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.<br>1. കരിമ്പുഴ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.921<br>2. ശ്രീകൃഷ്ണപുരം പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.976<br>3. കടമ്പഴിപ്പുറം പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ പി.835 എന്നീ സംഘങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമാണ്.<br>സംഘത്തിലെ അംഗങ്ങൾ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മുന്നോട്ടുകൊണ്ടു പോകുന്നതിനും താൽപര്യം കാണിക്കാത്തതാണ് പ്രവർത്തനരഹിതമാവാനുള്ള കാരണം |
| ബി) | പ്രസ്തുത സംഘങ്ങളിൽ വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന സംഘങ്ങൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം; പ്രവർത്തനരഹിതമാവാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത സംഘങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിട്ടുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സംഘത്തിന്റെ മുൻഭരണസമിതി അംഗങ്ങളെയും നിലവിലുള്ള അംഗങ്ങളെയും പലതവണ വിളിച്ചുകൂട്ടി സംഘം പുനരുദ്ധാരണത്തിന് സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടും അവ പ്രായോഗികമാക്കുന്നതിന് സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാനുള്ള ശ്രമം നടന്നു വരികയാണ്. |

**സെക്ഷൻ ഓഫീസർ**